(ഡി) Intensive Industrilization Drive പരിപാടിയനുസരിച്ച് 2013-14 വർഷം 2000 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അതിൽ 807 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി.

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

185 (6636) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റയിൽ മില്ലുകൾ നവീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ടെക്സ്റ്റയിൽ മില്ലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റ് വിഹിതത്തിനുപുറമേ 60 കോടി രൂപ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ടെക്സ്റ്റൈൽ മില്ലുകളെ ശക്തിപ്പെടുത്തുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) മാള സഹകരണ സ്പിന്നിംഗ് മിൽ 1994-ൽ രജിസ്റ്റർ ചെയ്തുവെങ്കിലും പിന്നീട് ഫണ്ടിന്റെ അഭാവത്തിൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി മിൽ കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പുതുതായി ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ

186 (6637) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ആർ.ഇ.-ക്ക് ആവശ്യമായ ഇൽമനേറ്റ് ലഭിക്കാതെ ഉൽപ്പാദനം നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഐ.ആർ.ഇ.യുടെ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(ബി) ഇല്ല. എന്നാൽ ഐ.ആർ.ഇ.യുടെ പ്രധാന അസംസ്കൃത വസ്തുവായ ധാതുമണൽ വേണ്ടത്ര അളവിൽ ലഭിക്കാത്തതിനാൽ കമ്പനിയുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഐ.ആർ.ഇ.എൽ.-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ ഉന്നയിക്കുന്ന തടസ്സങ്ങൾ, കമ്പനി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കം, തദ്ദേശവാസികൾക്ക് കമ്പനിയിൽ ജോലി നൽകണമെന്ന അവകാശവാദത്തിനോടുള്ള കമ്പനിയുടെ വിയോജിപ്പ് എന്നിവമൂലം കമ്പനിക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അളവിൽ അസംസ്കൃത വസ്തു ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. മേൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിയെങ്കിലും ഇതിന് വേണ്ടത്ര ഫലപ്രാപ്തിയുണ്ടായിട്ടില്ല. തദ്ദേശവാസികളെ വിശ്വാസത്തിലെടുത്തു കൊണ്ട് മേൽ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടർന്നുവരുന്നു.

ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിലെ ഉൽപ്പാദനം

187 (6638) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്, കാക്കനാട് എന്ന സ്ഥാപനത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ ഉല്പാദനം നടത്തിയിട്ടുണ്ട് എന്ന് വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത് ; എങ്കിൽ ഓരോ വർഷത്തേയും ലാഭം/നഷ്ടം കണക്കുകൾ ലഭ്യമാക്കാമോ ;

(സി) 2008 മുതൽ ഇതുവരെ കമ്പനിയുടെ സഞ്ചിത നഷ്ടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly